

കെ ചന്ദ്രിക
അസി. പ്രൊഫസർ, എസ്‌സിഇആർടി
തിരുവനന്തപുരം

# ഉയർന്ന സ്കോറിന് ഹിന്ദിയും

## എസ്എസ്എൽസി ഹിന്ദി

**ഹിന്ദി പരീക്ഷയ്ക്ക് ഉത്തരമെഴുതുമ്പോൾ താഴെപ്പറയുന്ന കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കണം.**
കൂളിങ് ടൈമിൽ ചോദ്യങ്ങൾ ശ്രദ്ധയോടെ വായിക്കണം. ചോയ്സ് ശ്രദ്ധിച്ചിരിക്കണം. പാഠപുസ്തകത്തിനു പുറത്തുനിന്നു നൽകുന്ന കവിതാഭാഗം വായിച്ച് മൂന്നു ചോദ്യങ്ങൾക്ക് ഉത്തരമെഴുതണം. ഇതിൽ രണ്ടെണ്ണം ആശയം മനസ്സിലാക്കി പൂർണവാക്യത്തിൽ ഉത്തരമെഴുതാനുള്ളതാണ്. **(സ്കോർ- ഒന്നുവീതം)** മൂന്നാമത്തേത് ആശയം മനസ്സിലാക്കി ഇഷ്ടമുള്ള തലക്കെട്ടു നൽകാനുള്ളതാണ്. **(സ്കോർ -ഒന്ന്)**

**പാരിഭാഷിക് ശബ്ദാവലി**

ഏതെങ്കിലും ഡിസ്കോഴ്സ് രൂപത്തിൽ ഇംഗ്ലീഷ്‌വാക്കുകൾ ചേർത്തു തരുന്നത്. ഇംഗ്ലീഷ്‌വാക്കുകൾക്കു പകരം ബ്രാക്കറ്റിൽനിന്ന് വാക്കുകൾ ചേർത്ത് പുനർലേഖനം നടത്തണം. അൽപ്പം ശ്രദ്ധിച്ചാൽ മുഴുവൻ സ്കോറും നേടാനാകും.

**(സ്കോർ- 3)**

**സാക്ഷാത്കാർ**

- പശ്ചാത്തലം പാഠഭാഗമാകാം അല്ലെങ്കിൽ പുറത്തുനിന്നുള്ള ഖണ്ഡികയിൽനിന്നാകാം.
- പശ്ചാത്തലമനുസരിച്ച് കുശലപ്രശ്നത്തോടെ അല്ലെങ്കിൽ അഭിവാദ്യംചെയ്തുകൊണ്ട് ചോദ്യങ്ങൾ തുടങ്ങാം
- ചോദ്യങ്ങൾക്ക് തുടർച്ചയും വളർച്ചയും ഉണ്ടായിരിക്കണം.
- വിഷയത്തിൽ ഊന്നിയുള്ള ചോദ്യങ്ങൾക്കുശേഷം വ്യക്തിപരമായ ചോദ്യങ്ങളും ഉൾപ്പെടുത്താം
- ചോദ്യങ്ങൾക്കനുസരിച്ച് ഉത്തരം വിശദമായിട്ടെഴുതാം. ഒറ്റവാക്യത്തിൽ ആയിരിക്കില്ല ഉത്തരങ്ങൾ
- ചോദ്യങ്ങൾ ചോദിക്കാനുള്ള കഴിവും അതിനനുസരിച്ച് ഉത്തരം പറയാനുമുള്ള കഴിവാണ് സ്കോറിനു പരിഗണിക്കുന്നത് **(സ്കോർ- 4)**

**ജീവനി**

ജീവചരിത്രത്തിന്റെ ഒരംശം എഴുതാനാണ് ആവശ്യപ്പെടുക. പ്രസിദ്ധരായ ആളുകളുടെ ജീവിതത്തെക്കുറിച്ചുള്ള സൂചനകൾ തന്നിരിക്കും.

- സൂചനകൾ വികസിപ്പിക്കണം. പഠിച്ച പാഠഭാഗം എഴുതിയ ആരുടേതെങ്കിലുമായിരിക്കും ജീവചരിത്രമെഴുതാനുള്ള ചോദ്യം. പാഠഭാഗത്തെ ആസ്പദമാക്കിയുള്ള പരാമർശം അല്ലെങ്കിൽ അതിന്റെ ഒരു വിശകലനം ഉൾപ്പെടുത്തണം. തന്നിരിക്കുന്ന മഹദ് വ്യക്തിയുടെ ജീവചരിത്രം നമ്മൾ തയ്യാറാക്കുന്ന രീതിയിലാണ് എഴുതേണ്ടത്. തലക്കെട്ടു നൽകണം. **(സ്കോർ -4)**

**ആത്മകഥ**

ആത്മകഥയുടെ അംശം എഴുതാനാണ് പറയുക. പാഠഭാഗവുമായി ബന്ധപ്പെട്ടതായിരിക്കും. നമ്മളാണ് ആ വ്യക്തി എന്നു സങ്കൽപ്പിച്ച് എഴുതണം. പാഠഭാഗത്തിൽ സൂചിപ്പിച്ച ഏതെങ്കിലുമൊരു സംഭവംകൂടി ചേർത്ത് എഴുതണം. ഭാഷാശൈലിക്കാണ് പ്രാധാന്യം. തലക്കെട്ടും നൽകണം. **(സ്കോർ- 4)**

**കത്ത്**

കത്തിന്റെ രൂപരേഖയിൽമാത്രം ശ്രദ്ധിച്ചാൽ പോരാ. ഉള്ളടക്കമാണ് പ്രധാനം. ഉള്ളടക്കത്തിന്റെ സൂചനകൾ തന്നിരിക്കും. സ്വന്തം കാര്യമാണ് എഴുതുന്നത്. കൃത്രിമത്വം ഒട്ടും അനുഭവപ്പെടരുത് **(സ്കോർ- 5)**

**കഥ**

തന്നിരിക്കുന്ന കഥാതന്തു വികസിപ്പിക്കണം. കഥപറയുന്ന രീതി ആസ്വാദ്യകരമാകണം. ക്ലൈമാക്സ് സ്വയം തീരുമാനിക്കാം. ആവശ്യമെങ്കിൽ സംഭാഷണം ചേർക്കാം. പിന്നെ ഭാഷാപ്രയോഗങ്ങൾ, മുഹാവര, ലോകോക്തി എല്ലാം ഇവിടെ സന്ദർഭത്തിനനുസരിച്ച് ഉപയോഗിക്കാം. തലക്കെട്ടും നൽകണം. **(സ്കോർ- 5)**

**നിബന്ധ്**

- തന്നിരിക്കുന്ന സൂചകങ്ങളെ ആശയങ്ങളാക്കണം. ക്രമീകൃതമായി എഴുതണം. ഉദാഹരണങ്ങൾ ചേർത്ത് പുഷ്ടിപ്പെടുത്താം. നിബന്ധിന് ഒരു ആമുഖം ഉണ്ടാകണം. ആമുഖത്തിൽ വിഷയത്തിലേക്കുള്ള പ്രവേശനം ഉണ്ടാകണം.
- അടുത്ത ഖണ്ഡികകൾ അതിന്റെ വിശദാംശങ്ങൾ ഉദാഹരണസഹിതം എഴുതാം. വിഷയത്തെ വിശകലനംചെയ്ത് എഴുതാം
- ഉപസംഹരിച്ച് എഴുതുന്നതാകണം അവസാന ഖണ്ഡിക
- ഭാഷാശൈലിക്ക് പ്രത്യേകതയുണ്ട്. സരസമായും നിബന്ധ് എഴുതാം. **(സ്കോർ- 5)**

**ഡയറി**

- തന്നിരിക്കുന്ന പശ്ചാത്തലം മനസ്സിലാക്കി നമ്മൾ എഴുതുന്നതുപോലെ എഴുതണം. ഏതു ദിവസമാണെന്നത് രേഖപ്പെടുത്തണം.
- ഏതെങ്കിലും പ്രത്യേക അനുഭവങ്ങളാകാം എഴുതാനുണ്ടാകുക. അതിന്റെ വിലയിരുത്തൽ കൂടി എഴുതുന്ന കാര്യത്തിൽ ഉണ്ടായാൽ നല്ലത്.
- നടക്കാൻ പോകുന്ന കാര്യത്തെ പ്ലാൻചെയ്യുന്ന രീതിയിലും അവതരിപ്പിക്കാം.
- സ്വകാര്യത അനുഭവപ്പെടുന്ന രീതിയിൽ എഴുതണം. ഡയറി നമുക്കുവേണ്ടിമാത്രം എഴുതുന്നതാണ്. ആ രീതിതന്നെയായിരിക്കണം എഴുത്തിൽ വരേണ്ടത്. **(സ്കോർ- 4)**

**വാർത്താലാപ്**

- സംഭാഷണങ്ങളിലാണ് ഭാഷ ജീവിക്കുന്നത്. സന്ദർഭത്തിനനുസരിച്ച് ഇടപെടേണ്ട വ്യക്തിക്കനുസരിച്ച് സംഭാഷണരീതി മാറും.
- തന്നിരിക്കുന്ന പശ്ചാത്തലമനുസരിച്ച് അനൗപചാരിക രീതിയിൽ സംഭാഷണം തയ്യാറാക്കാം. ചിലപ്പോൾ ഔപചാരികതയും വേണ്ടിവന്നേക്കാം.
- എല്ലാ സംഭാഷണങ്ങളും മുഴുവൻ വാക്യത്തിൽ എഴുതേണ്ടതില്ല. വാക്യാംശങ്ങൾ വേണ്ടിടത്ത് അങ്ങനെതന്നെ എഴുതണം
- കൃത്രിമത്വം അനുഭവപ്പെടാത്ത രീതി സ്വീകരിക്കണം. **(സ്കോർ -4)**

**പാഠഭാഗത്തിനു പുറത്തുനിന്നുള്ള ഖണ്ഡിക**

- ലളിതമായ ഖണ്ഡികയുടെ ആശയം ഉൾക്കൊള്ളാനായോ എന്നറിയാനുള്ള ചോദ്യങ്ങൾ ഉണ്ടാകാം.
- ചിലപ്പോൾ ഈ ഖണ്ഡികയുടെ പശ്ചാത്തലത്തിലാകാം ഡയറി, വാർത്താലാപ് തുടങ്ങിയ ചോദ്യങ്ങൾ.
- ഈ ഖണ്ഡികയിലെ ഏതാനും വാക്യങ്ങളാകും അനുവാദിനു തരുന്നത്.
- കഠിനപദങ്ങൾക്ക് അർഥം നൽകാറുണ്ട്.

**അനുവാദ്**

മാതൃഭാഷയിലേക്കുള്ള തർജമ. തന്നിരിക്കുന്ന വാക്യങ്ങളുടെ ആശയനുവാദ് ആണ് ആവശ്യപ്പെടുന്നത്. അൽപ്പം ശ്രദ്ധവച്ചാൽ മുഴുവൻ സ്കോർ ലഭിക്കും. (സ്കോർ- 3)

**ഉപപാഠപുസ്തകം**

- നാലു ചോദ്യങ്ങളിൽനിന്ന് മൂന്നെണ്ണം എഴുതണം
- ലേഖകൻ, കഥ, കഥാപാത്രം- അറിഞ്ഞാൽ (2 സ്കോർ)
- സന്ദർഭത്തിനനുസരിച്ച് പോസ്റ്റർ തയ്യാറാക്കാൻ പോസ്റ്ററിനു സാധ്യതയുള്ള ഭാഗങ്ങൾ കണ്ടെത്തി പരിചയിക്കുക. (2 സ്കോർ).
- കഥാപാത്രങ്ങളുടെ സ്വഭാവ സവിശേഷതകൾ അറിയണം.

സവിശേഷതകൾ തന്നിരിക്കും. അവ തിരിച്ചറിയാൻ കഴിയണം. (2 സ്കോർ)

- 'ഉദ്ഘോഷണ' തയ്യാറാക്കണം. ഭാഷ എങ്ങനെ ഉപയോഗിക്കുന്നു എന്നറിയണം. സന്ദർഭം പരിചയിച്ചുവയ്ക്കണം. (2 സ്കോർ)
- കഥാപാത്രത്തിന്റെ ചിന്തകളെ വിശകലനംചെയ്യാൻ പറയാം. (2 സ്കോർ)
- റിപ്പോർട്ട് തയ്യാറാക്കാനും പരിചയിച്ചിരിക്കണം (2 സ്കോർ).

ഇതോടൊപ്പം ഒരു ചോദ്യപേപ്പർ നൽകുന്നു. അവ ഉത്തരമെഴുതി പരിശീലിച്ചുനോക്കുക. അൽപ്പം ശ്രദ്ധവച്ചാൽ നല്ല സ്കോർ എല്ലാവർക്കും നേടാനാകും.

---

**HINDI**

Maximum Score : 40

Std 10 — Time : 1.30 Hours

**सामान्य निर्देश**
- पंद्रह मिनट का *कूल ऑफ़ टाइम* दिया जाएगा। यह प्रश्नपत्र का वाचन करने और उत्तर लिखने की पूर्व-तैयारी के लिए है। इस समय पर कुछ न लिखें।
- सभी प्रश्नों के उत्तर लिखें। दो प्रश्नों में विकल्प हैं।

**आशयग्रहण करें।**
निम्नांकित कवितांश पढ़कर उसके नीचे दिए हुए प्रश्नों के उत्तर लिखें।

नदी ने कहा था : मुझे बाँधो
मनुष्य ने सुना और
आखिर उसे बाँध लिया
बाँध कर नदी को
मनुष्य दुह रहा है
अब वह कामधेनु है।

1 नदी ने मनुष्य से क्या कहा? 1
2 नदी मनुष्य के लिए किसके समान है? 1
3 इस कवितांश के लिए उचित शीर्षक दें। 1

**पुनर्लेखन करें।**
अंग्रेज़ी शब्दों के स्थान पर उनका समानार्थी हिंदी शब्द रखकर वाक्यों का पुनर्लेखन करें। 3
4 चेक में Account Number और Signature अवश्य रहें। Amount अंकों में तथा अक्षरों में लिखें।

चालू खाता, राशि, तारीख
हस्ताक्षर, खाता संख्या, शाखा

**साक्षात्कार तैयार करें।** 5
5 लेखक श्री. प्रदीप पंत माइती बाज़ार की यात्रा करके आए हैं। मान लें, माइती बाज़ार के बारे में जानने के लिए आप ने उनका साक्षात्कार लिया था। आप के द्वारा पूछे गए प्रश्न और लेखक के उत्तर लिखें।

**आशयग्रहण करें।**
निम्नांकित खंड पढ़कर उसके नीचे दिए प्रश्नों के उत्तर लिखें।

किसी यवन राजा के पास कई गुलाम थे। एक दिन एक गुलाम भाग गया। जंगल में छिपे हुए उस गुलाम को कुछ दिनों के बाद सिपाहियों ने पकड़ लिया। उसे एक शेर के सामने डाल दिया। वही उसका दंड था। शेर उस गुलाम के पास जाकर बड़े प्यार के साथ उसका हाथ चाटने लगा। यह देखकर राजा एवं अन्य दर्शक बड़े आश्चर्य में पड़ गए। इसका कारण पूछने पर उस गुलाम ने कहा – 'एक दिन जंगल में मैं ने इस शेर के पैर में चुभे काँटे को निकालकर उसकी पीड़ा को दूर किया था। शेर उसके लिए मुझपर कृतज्ञता प्रकट कर रहा है।' यह सुनकर राजा बहुत प्रसन्न हुए। उन्होंने गुलाम को ही नहीं, उस शेर को भी बंधन से मुक्त कर दिया।

6 गुलाम कहाँ छिपा हुआ था? 1
7 राजा ने गुलाम को क्या दंड दिया? 1
8 निम्नांकित अंश का मातृभाषा में अनुवाद करें। 3
एक दिन जंगल में मैं ने इस शेर के पैर में चुभे काँटे को निकालकर उसकी पीड़ा को दूर किया था। शेर उसके लिए मुझपर कृतज्ञता प्रकट कर रहा है।

9 इस घटना को राजा ने अपनी डायरी में लिखा। राजा की डायरी का वह पन्ना कल्पना करके लिखें। 4

**सूचना :** 10 से 13 तक के प्रश्नों में से किन्हीं **तीन** प्रश्नों के उत्तर लिखें। (3 × 2 = 6)
10 राणा हमीर और अलाद्दीन खिलजी के बीच अगले दिन युद्ध होनेवाला है। लोगों को इसकी सूचना देने के लिए उद्घोषणा तैयार करें।
11 सावित्री के चरित्र की विशेषताएँ चुनकर लिखें।
- लालची
- सब कुछ सहनेवाली
- देशद्रोही
- परोपकारी

12 सही मिलान करके लिखें।

| क | | ख |
|---|---|---|
| भोलाराम | - | भाई के प्रति गहरा प्रेम रखनेवाला |
| रामशंकर | - | रजिस्टर की गलती से परेशान |
| | - | पेंशन की दरख्वास्तों में अटका हुआ |

13 पंडित जानकीनाथ दीवान चुने गए। अपने घरवालों को इस बात की सूचना देने के लिए उन्होंने एक तार (*telegram*) भेजा। उस तार का संदेश कल्पना करके लिखें।

**जीवनी तैयार करें।** 4
14 निम्नांकित अंश को अब्दुल कलाम की जीवनी की शैली में लिखें।

विज्ञान और प्रौद्योगिकी के अपने व्यस्त जीवन में भी मैं ने पिताजी की बातों का अनुसरण करने की कोशिश की है। जो बुनियादी सत्य उन्होंने मुझे सिखाए थे, उस रास्ते पर चलते हुए मुझे संतोष और शांति मिलती थी तथा भ्रम, दुःख तथा विषाद से छुटकारा मिल जाता था।

**सूचना :** 15 से 17 तक के प्रश्नों में से किन्हीं **दो** प्रश्नों के उत्तर लिखें। (2 × 5 = 10)

**पत्र लिखें।**
15 'निर्झर' कविता के आधार पर निम्नांकित पत्र की पूर्ति करके लिखें।
प्रिय पहाड़ दादा,
कैसे हो? वहाँ से निकले दो दिन बीत गए। .......

**लेख लिखें।**
16 बिंदुओं के आधार पर लघु लेख लिखें।
- पुस्तक
- ज्ञान का भंडार
- हँसानेवाला, साहित्यिक
- पुस्तक पढ़ना
- दैनिक जीवक का भाग बनाना
- लेखक की आत्मा
- पुस्तक का आदर

**कहानी लिखें।**
17 संकेतों के आधार पर कहानी लिखें।
एक गड़रिया – बकरियों को चराने जाना – एक बकरी का दूर चला जाना – एक भेड़िए का आना – बकरी को खाना चाहना – बकरी को गाने की इच्छा – बकरी का 'में-में' करके गाना – आवाज़ सुनकर गड़रिए का लाठी लेकर आना – भेड़िए का डर जाना और भाग जाना – बकरी की जान बच जाना –